ഉത്തരം

(എ) 1998-99-ലും, 1999-2000 ലും തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരവളപ്പിൽ പുഷ്പഫല പ്രദർശനത്തോടനുബന്ധിച്ച് അലങ്കാര മത്സ്യങ്ങളുടെ പ്രദർശനം മത്സ്യഫെഡ് സംഘടിപ്പിച്ചിരുന്നു. ഇതിൽ 1998-99-ൽ സ്റ്റാൾ സംഘടിപ്പിച്ച ഇനത്തിൽ 16,138 രൂപ ചെലവാക്കുകയുണ്ടായി. 1999-2000 വർഷത്തിൽ അലങ്കാര മത്സ്യ പ്രദർശനത്തിനുവേണ്ടി വന്ന മുഴുവൻ ചെലവും (മത്സ്യ ഫെഡിന്റെ ഉൾപ്പെടെ) പുഷ്പ ഫല പ്രദർശന കമ്മിറ്റിയാണ് വഹിച്ചത്.

(ബി) സംസ്ഥാന മത്സ്യ വകുപ്പും മത്സ്യഫെഡും സംയുക്തമായാണ് പ്രസ്തുത മത്സ്യ അലങ്കാർ സംഘടിപ്പിച്ചത്.

(സി) സംസ്ഥാന മത്സ്യവകുപ്പ് 15.5 ലക്ഷം രൂപയും മത്സ്യഫെഡ് 8,41,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. മത്സ്യബോർഡിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. അഡാക്ക് ഈ പ്രദർശനത്തിൽ പങ്കെടുത്ത ഇനത്തിൽ 29,674 രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) 1997-98-ൽ തിരുവനന്തപുരത്ത് നടത്തിയ മത്സ്യ അലങ്കാർ പ്രദർശനത്തിന്റെ ടിക്കറ്റ് വിൽപന വഴി 2,29,620 രൂപയും 1998-99 ൽ കോഴിക്കോട് വച്ചു നടത്തിയ മത്സ്യ അലങ്കാർ പ്രദർശനത്തിന്റെ ടിക്കറ്റ് വിൽപ്പന വഴി 2,55,046 രൂപയും ലഭിക്കുകയുണ്ടായി. 1998-99-ലും 1999-2000-ലും കനകക്കുന്നു കൊട്ടാരവളപ്പിൽ വച്ചു പുഷ്പ ഫല പ്രദർശനത്തോടനുബന്ധിച്ച് നടന്ന അലങ്കാര മത്സ്യ പ്രദർശനത്തിനുള്ള ടിക്കറ്റ് വിൽപ്പന പുഷ്പ ഫല പ്രദർശന കമ്മിറ്റിയാണ് നടത്തിയത്.

(ഇ) സർക്കാരിലേയ്ക്ക് അടച്ചിട്ടില്ല. 1997-98 ൽ തിരുവനന്തപുരത്തും 1998-99 -ൽ കോഴിക്കോടും വച്ച് നടത്തിയ പ്രദർശനങ്ങളിൽ ടിക്കറ്റു വിൽപന പ്രകാരം പിരിഞ്ഞുകിട്ടിയ തുക കൂടി ചെലവഴിച്ചാണ് പ്രസ്തുത പ്രദർശനങ്ങൾ നടത്തിയത്.

അലങ്കാരമത്സ്യ പ്രദർശനങ്ങൾ

26 (2901) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99, 1999-2000 വർഷങ്ങളിൽ മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ്, അഡാക്ക്, മത്സ്യബോർഡ് എന്നീ സ്ഥാപനങ്ങൾ എവിടെയെല്ലാം അലങ്കാരമത്സ്യ പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത പ്രദർശനങ്ങൾക്ക് എത്ര രൂപ വീതം മേൽപ്പറഞ്ഞ ഓരോ വകുപ്പും ഏജൻസികളും ചെലവഴിച്ചിട്ടുണ്ട് ; പ്രസ്തുത പണം എവിടെ നിന്നും ലഭിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ അലങ്കാര മത്സ്യ പ്രദർശനങ്ങളിൽ ഓരോ വർഷവും സ്വന്തം സ്റ്റാളുകൾ സംഘടിപ്പിക്കുന്നതിന് ഓരോ ഏജൻസിയും എത്ര രൂപ വീതം ചെലവഴിച്ചു ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) 2000-ാമാണ്ടിൽ കൊച്ചിയിൽ നടത്തുമെന്ന് മന്ത്രി പ്രസ്താവിച്ചിട്ടുള്ള മത്സ്യ അലങ്കാര പരിപാടിക്കായി ഓരോ ഏജൻസിയും എത്ര തുക വീതം മാറ്റി വച്ചിട്ടുണ്ട് ;

(ഇ) കഴിഞ്ഞ കാലങ്ങളിലെ 'മത്സ്യ അലങ്കാർ' പ്രദർശനങ്ങളുടെ കണക്കുകളിൽ ക്രമക്കേടും അഴിമതിയും നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തി കുറ്റക്കാരായി കണ്ടെത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) 1997-98-ൽ തിരുവനന്തപുരത്തും 1998-99-ൽ കോഴിക്കോടും ഫിഷറീസ് വകുപ്പും മത്സ്യഫെഡും സംയുക്തമായി അലങ്കാര മത്സ്യ പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. അഡാക്കും മത്സ്യബോർഡും പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടില്ല. 1999-2000-ൽ ഇതുവരെ പ്രദർശനം സംഘടിപ്പിച്ചിട്ടില്ല.

(ബി) 1998-ൽ തിരുവനന്തപുരത്ത് നടത്തിയ മത്സ്യ അലങ്കാർ പ്രദർശനത്തനായി മത്സ്യ വകുപ്പിൽ നിന്നും 8,95,800 രൂപയും മത്സ്യഫെഡ് 3 ലക്ഷം രൂപയും (എക്സ്റ്റൻഷൻ ഫണ്ടിൽ നിന്നും) ചെലവഴിച്ചിട്ടുണ്ട്. 1998-99-ൽ കോഴിക്കോട് നടന്ന മത്സ്യ അലങ്കാർ പ്രദർശനത്തിനായി സംസ്ഥാന മത്സ്യ വകുപ്പിൽ നിന്നും 15.50 ലക്ഷം രൂപയും മത്സ്യഫെഡ് 8.41 ലക്ഷം രൂപയും അഡ്വാൻസായി നൽകിയിട്ടുണ്ട്. മത്സ്യ വകുപ്പ് ചെലവഴിച്ച തുക ബഡ്ജറ്റിലെ "എക്സ്റ്റൻഷൻ" എന്ന ഹെഡ്ഡിൽ നിന്നും ലഭ്യമാക്കിയതാണ്.

(സി) 1997-98-ൽ തിരുവനന്തപുരത്ത് നടത്തിയ മത്സ്യ അലങ്കാർ പ്രദർശനത്തോടനുബന്ധിച്ച് സ്വന്തം സ്റ്റാൾ നടത്തിപ്പിനായി, മത്സ്യഫെഡ് തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. 1999-ൽ കോഴിക്കോട് നടത്തിയ മത്സ്യ അലങ്കാർ പ്രദർശനത്തോടനുബന്ധിച്ച് സ്വന്തം സ്റ്റാൾ നടത്തിപ്പിനായി മത്സ്യ ഫെഡ് 85,494 രൂപ ചെലവഴിച്ചു. മത്സ്യബോർഡിൽ നിന്നും ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 1998-99- ലെ അലങ്കാര മത്സ്യ പ്രദർശനത്തോടനുബന്ധിച്ച് സ്വന്തം സ്റ്റാൾ നടത്തിപ്പിനായി അഡാക്ക് 29,674 രൂപ ചെലവാക്കി.

(ഡി) ഈ പരിപാടിക്കായി ഏജൻസികൾ തുകയൊന്നും നീക്കിവച്ചിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly